7. ദേശീയോദ്ഗ്രഥന ക്യാമ്പ്
8. ജോബ്ഫെസ്റ്റ്
9. സാഹിത്യക്യാമ്പ്
10. യുവമാധ്യമ പ്രവർത്തക ക്യാമ്പ്
11. ചലച്ചിത്ര ക്യാമ്പ്
12. സാഹസിക പരിശീലന പരിപാടികൾ
13. വനിതാശില്പശാല
14. നാടക പരിശീലന കളരി
15. നാടൻ കലാമേള
16. ലഹരി വിരുദ്ധ ബോധവൽക്കരണ കലാജാഥ
17. ഗോത്രവർഗ്ഗ കലാമേള
18. പെയിന്റിംഗ് ശില്പശാല
19. യൂത്ത് ലീഡർഷിപ്പ് ക്യാമ്പ്
20. ക്യാമ്പസ് ലീഡേഴ്സ് ക്യാമ്പ്
21. വ്യക്തിത്വ വികസന പരിശീലന ക്യാമ്പ്
22. സിവിൽ സർവ്വീസ് ഓറിയന്റേഷൻ പ്രോഗ്രാം
23. സ്വയംതൊഴിൽ ബോധവൽക്കരണ പരിപാടികൾ.

ജോബ് ഫെയർ

340 (691) ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ ജോബ്ഫെയർ സംഘടിപ്പിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ജോബ്ഫെയറിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് വ്യക്തമാക്കാമോ ;

(സി) ഏതെല്ലാം ഏജൻസികളാണ് ജോബ്ഫെയറുമായി സഹകരിച്ചതെന്ന് വിശദമാക്കുമോ ;

(ഡി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ജോബ്ഫെയർ വഴി പൂർത്തീകരിച്ചിട്ടുള്ളത് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ തിരുവനന്തപുരം, വയനാട്, എറണാകുളം, ആലപ്പുഴ, കോട്ടയം എന്നീ അഞ്ച് ജില്ലകളിൽ ജോബ് ഫെസ്റ്റ് സംഘടിപ്പിച്ചിട്ടുണ്ട്. മേളയിൽ പങ്കെടുത്ത കമ്പനികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) വിവിധ മേഖലകളിൽ പ്രാഗത്ഭ്യം നേടിയ സംസ്ഥാനത്തെ തൊഴിൽ രഹിതരായ യുവതീയുവാക്കൾക്ക് തൊഴിലവസരങ്ങൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ഐ.റ്റി. മേഖലയിലെയും മറ്റ് വിവിധ മേഖലകളിലെയും കമ്പനികളെ ഉൾപ്പെടുത്തിയാണ് ജോബ് ഫെസ്റ്റ് സംഘടിപ്പിച്ചത്. മലയാള മനോരമ, ജി-ടെക് എഡ്യൂക്കേഷൻ സെന്റർ, ബിഗ് ലീപ് എന്നിവരുമായി ചേർന്നാണ് ജോബ്ഫെസ്റ്റ് സംഘടിപ്പിച്ചത്.

(സി&ഡി) 2011 സെപ്റ്റംബർ 6, 7 തീയതികളിൽ തിരുവനന്തപുരത്ത് സംഘടിപ്പീച്ച ജോബ്ഫെയർ M/s ബിഗ് ലീപ് ഈവന്റ് മാനേജ്മെന്റ് മുഖേനയും 2012 മെയ് 12-ാം തീയതി വയനാട് ജില്ലയിൽ സംഘടിപ്പിച്ച ജോബ്ഫെയർ ജി-ടെക് എഡ്യൂക്കേഷൻ സെന്റർ മുഖേനയും 2013 മേയ് 11, 12 തീയതികളിൽ എറണാകുളം ജില്ലയിൽ M/s മലയാള മനോരമ മുഖേനയും 2013 മേയ് 31, ജൂൺ 1 എന്നീ തീയതികളിൽ ആലപ്പുഴ ജില്ലയിലെ അരൂർ നിയോജക മണ്ഡലത്തിൽ വച്ച് എം.എൽ.എ. ശ്രീ. എ. എം. ആരിഫിന്റെ നേതൃത്വത്തിലും കോട്ടയം ജില്ലയിൽ 2015 ഫെബ്രുവരി 20, 21 തീയ്യതികളിൽ M/s മലയാള മനോരമ മുഖേനയും ജോബ് ഫെസ്റ്റുകൾ യുവജന ക്ഷേമ ബോർഡ് സംഘടിപ്പിച്ചിട്ടുണ്ട്.

തിരുവനന്തപുരം ജില്ലയിൽ സംഘടിപ്പിച്ച ജോബ്ഫെസ്റ്റിൽ 621 ഉദ്യോഗാർത്ഥികൾക്ക് ജോബ് ഓഫറിംഗ് ലെറ്റർ ലഭ്യമാക്കിയിരുന്നു. വയനാട് ജില്ലയിൽ സംഘടിപ്പിച്ച ജോബ് ഫെസ്റ്റിൽ 1666 പേർക്ക് ജോബ് ഓഫറിംഗ്

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ലെറ്റർ നൽകുകയും 780 പേരെ ഷോർട്ട് ലിസ്റ്റിൽ ഉൾപ്പെടുത്തുകയും 395 പേർക്ക് ജോലി ലഭിക്കുകയും ചെയ്തിട്ടുണ്ട്. എറണാകുളം ജില്ലയിൽ സംഘടിപ്പിച്ച ജോബ്ഫെസ്റ്റിൽ 500 പേർ ഇന്റർവ്യൂവിൽ പങ്കെടുക്കാൻ യോഗ്യത നേടുകയും 225 പേർക്ക് Spot Job Offering Letter നൽകുകയും ചെയ്തു. ആലപ്പുഴ ജില്ലയിൽ സംഘടിപ്പിച്ച ജോബ്ഫെസ്റ്റിൽ 5019 പേർ രജിസ്റ്റർ ചെയ്തിരുന്നു. 1008 പേരെ ഷോർട്ട് ലിസ്റ്റിൽ ഉൾപ്പെടുത്തുകയും ചെയ്തു. കോട്ടയം ജില്ലയിൽ സംഘടിപ്പിച്ച ജോബ്ഫെസ്റ്റ് മുഖേന തെരഞ്ഞെടുക്കപ്പെട്ട ഉദ്യോഗാർത്ഥികളുടെ വിശദാംശം ലഭിച്ചുവരുന്നതേയുള്ളു.

മിഷൻ 676-ൽ യുവജനക്ഷേമ പദ്ധതികൾ

341 (692) ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. വി. റ്റി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യുവജന മുന്നേറ്റം ലക്ഷ്യമാക്കി മിഷൻ 676-ൽ എന്തെല്ലാം കാര്യങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ ;

(ബി) ഇതിനായി എന്തെല്ലാം പദ്ധതികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വിശദമാക്കാമോ ;

(സി) പ്രസ്തുത പദ്ധതികൾ ആവിഷ്കരിക്കുന്നതിനും നടപ്പാക്കുന്നതിനും ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ-സി) യുവജന മുന്നേറ്റം ലക്ഷ്യമാക്കി മിഷൻ 676-ൽ ഉൾപ്പെടുത്തിയ പദ്ധതികൾ, അവയുടെ നടത്തിപ്പ് എന്നിവ സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.* ടി പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

(568, 569, 604, 668, 686 എന്നീ നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly